File No.NREGA/310/2022-E3

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം)
മൂന്നാം ഫ്ലോർ, റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ് കോംപൗണ്ട്,
തിരുവനന്തപുരം -33
ഫോൺ: 0471-2313385, 1800 425 1004 (Helpline),ഫാക്സ്: 0471-2312385
ഇ-മെയിൽ: mgnrega.kerala@gov.in, mgnregakerala@gmail.com

തിയതി : 01/03/2023

## സർക്കുലർ

വിഷയം: മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം) - സ്റ്റേറ്റ് ക്വാളിറ്റി മോണിട്ടർമാരുടെ സേവന വ്യവസ്ഥ - സംബന്ധിച്ച്.

സൂചന: 1. G.O (Rt) No. 374/2020/LSGD, dated: 12.02.2020

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും ലഭ്യമാകുന്ന പരിമിതമായ വിഭവങ്ങൾ ഉപയോഗിച്ച് ഏറ്റവും പ്രയോജനപ്രദമാംവിധം (Optimum) ഈടുനിൽക്കുന്നതും ഉൽപ്പാദനക്ഷമവും ആയ ആസ്തികൾ നിർമ്മിച്ച കൊണ്ട് ആസ്തികളുടെ ഫലപ്രാപ്തി (outcome) ഉറപ്പുവരുത്തുന്നതിനായി State Quality Monitor (SQM) മാരെ എംപാനൽ ചെയ്യുന്നതിനുള്ള അനുമതി സൂചന പ്രകാരം ലഭ്യമായിട്ടുണ്ട്. State Quality Monitor (SQM) മാരുടെ പ്രവർത്തനം സംബന്ധിച്ച് ചുവടെ പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. State Quality Monitor (SQM) മാരായി എംപാനൽ ചെയ്യപ്പെട്ട ഉദ്യോഗസ്ഥർ മിഷൻ ഡയറക്ടറുടെ മേൽനോട്ടത്തിലും നിർദേശത്തിലും ആകും പ്രവർത്തിക്കേണ്ടത് . മിഷൻ ഡയറക്ടർക്ക വേണ്ടി സ്റ്റേറ്റ് എഞ്ചിനീയർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതാണ്.
2. State Quality Monitor മാരുടെ Headquarters (HQ) ആയി നിശ്ചയിച്ചിട്ടുള്ള ജില്ലയിലെ Joint Programme Coordinator മാർ ആയിരിക്കും ഇവരുടെ ജില്ലാ റിപ്പോർട്ടിങ് ഓഫീസർ.
3. State Quality Monitor മാർ മാസത്തിൽ കുറഞ്ഞത് 10 ദിവസമെങ്കിലും field പരിശോധന നടത്തേണ്ടതാണ്.പരിശോധന നടത്തി 7 ദിവസത്തിനകം അതത് ജില്ലയിലെ DPC/JPC ക്കും മിഷൻ ഡയറക്ടർക്കും ഇമെയിൽ ആയി പരിശോധനാ റിപ്പോർട്ട് നൽകേണ്ടതാണ് .
4. State Quality Monitor മാർ സംസ്ഥാന മിഷൻ, DPC/JPC എന്നിവർ ചുമതലപ്പെടുത്തുന്ന പ്രവൃത്തികൾ പരിശോധന നടത്താൻ ബാധ്യസ്ഥരായിരിക്കും.
5. District Engineer മാർ അവരവരുടെ ജില്ലകളിൽ SQM പരിശോധിക്കേണ്ട പ്രവൃത്തികളുടെ പട്ടിക ബന്ധപ്പെട്ട JPC മുഖേന SQM മാരെ അറിയിക്കേണ്ടതാണ്.
6. State Quality Monitor മാർ ഫീൽഡ് പരിശോധന നടത്തുന്ന സാഹചര്യത്തിൽ പരമാവധി പ്രവൃത്തികൾ പരിശോധിക്കാൻ കഴിയുന്ന വിധത്തിൽ യാത്ര ക്രമീകരിക്കേണ്ടതാണ്.
7. DQMs സൈറ്റുകൾ സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിച്ചതു പ്രകാരം പ്രവൃത്തി നിർവഹണത്തിൽ ഗുണപരമായ മാറ്റങ്ങൾ കൊണ്ടുവരുന്നുണ്ടോ എന്നത് SQM ൻറെ റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതാണ്.

Scanned with OKEN Scanner

8. DQM റിപ്പോർട്ട് പ്രകാരം ടി site-കളിൽ SQM ൻറെ പുന: പരിശോധന ആവശ്യമാണോയെന്ന് ബന്ധപെട്ട District Engineers പരിശോധിച്ച് ഇത്തരം സൈറ്റുകളുടെ വിവരം SQM ന് പരിശോധനക്കായി റിപ്പോർട്ട് ചെയ്യേണ്ടതും പകർപ്പ് സ്റ്റേറ്റ് എഞ്ചിനീയർക്ക് അയക്കേണ്ടതുമാണ്.
9. State Quality Monitor (SQM) മാരുടെ ഫീൽഡ് പരിശോധന സുഗമമായി നടപ്പിലാക്കുന്നതിനുള്ള എല്ലാ നടപടികളും JPC മാർ സ്വീകരിക്കേണ്ടതാണ്.
10. District Engineer മാർ ആവശ്യമെങ്കിൽ സൈറ്റ് വിസിറ്റിൽ SQMs നെ സഹായിക്കേണ്ടതാണ്. SQMs & DQMs ൻറെ ശുപാർശകളും നിർദ്ദേശങ്ങളും ഭാവിയിൽ എല്ലാ പ്രവൃത്തികളിലും പാലിക്കുന്നുവെന്ന് JPC മാർ ഉറപ്പുവരുത്തേണ്ടതാണ്.
11. ജില്ലയിൽ നടന്നു വരുന്ന 5 ലക്ഷത്തിനു മുകളിൽ വരുന്ന മൺപണികളും 10 ലക്ഷത്തിനു മുകളിൽ വരുന്ന മേസണറി വർക്കുകളുമാണ് പരിശോധനക്ക് നൽകേണ്ടത്.ഇത്തരം പ്രവർത്തികൾ വളരെ കൂടുതൽ എണ്ണം ഉള്ള പക്ഷം അവയുടെ 10% പ്രവർത്തികൾ എങ്കിലും SQMs പരിശോധിച്ചിട്ടുണ്ട് എന്ന് JPC/DPC ഉറപ്പ് വരുത്തണം. പുറമെ, വളരെ സാങ്കേതിക സ്വഭാവം ഉൾക്കൊള്ളുന്ന പ്രവർത്തികളും DQM പരിശോധന നടത്തിയ പ്രവർത്തികൾ സംബന്ധിച്ച ലഭിക്കുന്ന പരാതികളിന്മേലുള്ള സാങ്കേതിക പരിശോധകളും മറ്റു സവിശേഷതകൾ എന്തെങ്കിലും ഉൾപ്പെടുന്ന പ്രവൃത്തികളും SQM ൻറെ പരിശോധനക്ക് നൽകേണ്ടതാണ്.
12. തിരഞ്ഞെടുക്കുന്ന പ്രവൃത്തികളുടെ പരിശോധന നിർമ്മാണം നടക്കുമ്പോഴും പൂർത്തിയാക്കിയതിന് ശേഷമുള്ള ഘട്ടങ്ങളിലും SQM പരിശോധന നടത്തേണ്ടതാണ്.
13. State Quality Monitor ൻറെ റിപ്പോർട്ടിൻ മേൽ കണ്ടെത്തുന്ന ന്യൂനതകളും ശുപാർശകളും വിലയിരുത്തി DPC താഴെ തട്ടിലേക്ക് അറിയിക്കേണ്ടതും, ആയതിൻറെ ഫലപ്രാപ്തി JPC അതാത് District Engineer മാർ, District Quality Monitor എന്നിവർ മുഖേനെ ഉറപ്പ് വരുത്തേണ്ടതും ആയത് State Engineer അവലോകനം നടത്തേണ്ടതുമാണ്.
14. State Quality Monitor ൻറെ റിപ്പോർട്ടിന്മേൽ എടുത്ത നടപടികളുടെ റിപ്പോർട്ട്, JPC ,PO എന്നിവർ യഥാക്രമം സംസ്ഥാന മിഷൻ , JPC എന്നിവർക്ക് അയയ്ക്കേണ്ടതും, ജില്ലാ/സ്റ്റേറ്റ് എഞ്ചിനീയർ ആയതു പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും ആണ്.
15. എല്ലാ മാസവും സ്റ്റേറ്റ് എഞ്ചിനീയറുടെ അധ്യക്ഷതയിൽ സൈറ്റ് വിസിറ്റ് കളുടെ ഫലപ്രാപ്തി അവലോകനം ചെയ്യുന്നതിനായി SQMs മായി മീറ്റിംഗ് നടത്തേണ്ടതും, റിപ്പോർട്ട് മിഷൻ ഡയറക്ടർക്ക നൽകേണ്ടതുമാണ്.
16. SQM പരിശോധനകളുടെയും വിലയിരുത്തലുകളുടെയും ഫലപ്രാപ്തിയുടെയും റിപ്പോർട്ട് NREGA വെബ്സൈറ്റ് ൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.
17. State Quality Monitor മാർ അവരുടെ ട്രാവൽ പ്ലാൻ (തീയതി, സ്ഥലം മുതലായവ) അവരെ അറ്റാച്ച് ചെയ്തിരിക്കുന്ന JPC മാരെ (Headquarters JPC) മുൻകൂർ അറിയിക്കേണ്ടതാണ്.
18. ഓരോ യാത്രയും ഹെഡ്ക്വാർട്ടേഴ്സ് ൽ നിന്ന് തുടങ്ങുന്നതാണെന്നു അനുമാനിക്കാവുന്നതാണ്.
19. State Quality Monitor നു വേതനം നൽകുന്നതിനായി, സൈറ്റ് വിസിറ്റിനു ശേഷം

Scanned with OKEN Scanner

അതാത്ര ജില്ലാ JPC മാർ HQ JPC യെ, SQM സൈറ്റ് വിസിറ്റ് പൂർത്തീകരിച്ചെന്ന വിവരം, സൈറ്റ് വിസിറ്റ് ചെയ്ത ദിവസങ്ങളുടെ എണ്ണം , തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി certify ചെയ്ത അറിയിക്കേണ്ടതാണ്. കൂടാതെ TA BILL, അതാത് ജില്ലാ JPC മാർ countersign ചെയ്ത HQ JPC യ്ക്ക് നൽകേണ്ടതാണ്.

20. സൈറ്റ് വിസിറ്റ് ന് സൂചന ഉത്തരവ് പ്രകാരം പ്രതിദിനം 1920/- രൂപ എന്ന നിരക്കിൽ ഒരു മാസം പരമാവധി 28,800/- രൂപ വേതനമായും, സർക്കാർ ക്ലാസ്സ് 1 ഉദ്യോഗസ്ഥർക്ക് അർഹമായ യാത്ര ബത്ത , ദിന ബത്ത എന്നിവ , അനുവദനീയമായ പരിധിക്കു വിധേയമായി, ലഭിക്കുന്നതായിരിക്കും.

വിശ്വസ്തതയോടെ

**MISSION DIRECTOR**
**for Mission Director**

പകർപ്പ് .

1. എല്ലാ സ്റ്റേറ്റ് ക്വാളിറ്റി മോണിറ്റർ മാർക്കും
2. എല്ലാ ജോയിൻറ് പ്രോഗ്രാം കോർഡിനേറ്റർമാർക്കും
3. ജില്ല എഞ്ചിനീയർമാർക്കും (JPC മുഖേന)
4. സ്റ്റേറ്റ് എഞ്ചിനീയർ
5. പ്രോഗ്രാം ഓഫീസർ IT (വെബ്സൈറ്റ് പബ്ലിഷ് ചെയ്യുന്നതിന് )

Forwarded by Order

Programme Officer (IEC)

Scanned with OKEN Scanner